# നെൽവയൽ നികത്തൽ സാധൂകരിക്കരുത്

## കേരള പരിസ്ഥിതി ഐക്യവേദി

ഒട്ടേറെ സമരങ്ങൾക്കും സംവാദങ്ങൾക്കും ശേഷം രൂപീകൃതമായ നെൽവയൽ-തണ്ണീർത്തട സംരക്ഷണ(2008) നിയമത്തെ സമ്പൂർണ്ണമായും അട്ടിമറിക്കുന്നതാവും 2015 ജൂലായ് 27ന് നിയമ സഭയിൽ പാസ്സാക്കിയ സർക്കാരിന്റെ ധനബില്ലിലെ വ്യവസ്ഥകൾ. 2008 വരെയുള്ള അനധികൃത നെൽവയൽ നികത്തലുകൾ സാധൂകരിക്കുന്ന ഈ ബിൽ വൻകിട ഭൂമാഫിയകളെ സഹായിക്കുന്നതാണെന്നുള്ളതിനു സംശയമില്ല. നെൽവയൽ സംരക്ഷണ നിയമത്തിലെ 5(4)(4) വകുപ്പ് പ്രകാരം അതുവരെയുണ്ടായിരുന്ന അനധികൃത നിലം നികത്തൽ കണ്ടെത്തുകയും അത് ആർ.ഡി.ഒയെ അറിയിക്കുകയും കേരള ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യണമായിരുന്നു. അത്തരം നടപടി ഇതുവരെ ഉണ്ടായിട്ടില്ല. ആയതുകൊണ്ട് 2008 വരെ അനധികൃതമായി നികത്തിയ ഭൂമിയുടെ ഒരു സ്ഥിതിവിവരക്കണക്ക് പോലും ഇപ്പോൾ നിലവിലില്ല. ഇതിന്റെ വെളിച്ചത്തിൽ ഇപ്പോഴത്തെ സർക്കാർ നീക്കത്തിൽ ഇന്നേ ദിവസം വരെയുള്ള എല്ലാ അനധികൃത നെൽവയൽ നികത്തലുകളും സാധൂകരിക്കപ്പെടും എന്നുള്ളതാണ് വസ്തുത.

2008 ലെ നെൽവയൽ നിയമത്തിന്റെ കാതലായ ഭാഗം അന്നുവരെയുള്ള വയലിന്റെ സ്ഥിതിവിവരക്കണക്കുകൾ ഉപഗ്രഹ ചിത്രത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുക എന്നതാണ്. ഈ ആവശ്യത്തിനായി 2013 ലെ ബജറ്റിൽ 7.5 കോടി രൂപ വകയിരുത്തിയിട്ടുമുണ്ട്. എന്നിട്ടും ഇന്നേ ദിവസം വരെ ആ ചിത്രം പോലും വാങ്ങിയിട്ടില്ല. ഇത് നടപ്പാക്കാതിരുന്നത് നിയമവിരുദ്ധമായി നിലം നികത്തലുകളെ തുടർന്നും പ്രോൽസാഹിപ്പിക്കാനും ഉള്ളവയ്ക്ക് നിയമസാധുത കൊടുക്കാനുമുള്ള മനപ്പൂർവ്വമായ ശ്രമമാണ്. വീടില്ലാത്ത സാധാരണക്കാർക്കും കർഷകർക്കും 5-10 സെന്റ് വരെ നികത്തുവാനുള്ള വകുപ്പ് 1967ലെ ഭൂവിനിയോഗ ഉത്തരവിലും, 2008 ലെ നെൽവയൽ സംരക്ഷണനിയമത്തിലും, ജലജാ-ദിലീപ് കേസിന്റെ സുപ്രീംകോടതി വിധിയിലും വ്യക്തമായി അനുവദിക്കുന്നുണ്ട്. അതുകൊണ്ട് പാവപ്പെട്ട, വീടില്ലാത്തവർക്കു വേണ്ടിയാണ് ഈ പുതിയ ബിൽ എന്നുപറയുന്നത് സത്യവിരുദ്ധവും, ആക്ഷേപാർഹവുമാണ്. വൻകിട മാഫിയകളെ സഹായിക്കുക എന്നതിൽ കവിഞ്ഞ് ഇതിന് ഒരുദ്ദേശവും ഇല്ല എന്നുള്ളത് വ്യക്തമാണ്. ആയതിനാൽ അനധികൃത നിലം നികത്തലുകളെ സാധൂകരിക്കുന്നതിനുള്ള സർക്കാർനടപടി ഉടൻ ഉപേക്ഷിക്കേണ്ടതുണ്ട്.

2008ലെ ഹൈറസലൂഷൻ ഉപഗ്രഹചിത്രം എല്ലാ കൃഷി ഓഫീസർമാർക്കും ലഭ്യമാക്കുക.

കരട് ഡാറ്റാബാങ്ക് തെറ്റുകളില്ലാതെ അടിയന്തിരമായി പ്രസിദ്ധീകരിക്കുക.

വകുപ്പ് 5(4)(4) പ്രകാരം 2008 വരെയുള്ള നെൽപാട-തണ്ണീർത്തട സ്ഥിതിവിവരങ്ങൾ പുറത്തുകൊണ്ടു വരിക. തുടങ്ങിയ കാര്യങ്ങൾ ചെയ്തതിനു ശേഷം മാത്രമേ 2008ന് മുൻപ് നടത്തിയ ഭവനാവശ്യങ്ങൾക്കുള്ള 5-10 സെന്റ് നികത്തലുകൾക്ക് നിയമ സാധുത നൽകുവാൻ പാടുള്ളു.

നിലം നികത്തലുകൾ സാധൂകരിക്കുമ്പോൾ പിഴയായി ലഭിക്കുന്ന തുക ബാക്കിയുള്ള നെൽവയലുകളും തണ്ണീർത്തടങ്ങളും കൃഷിചെയ്യുകയും സംരക്ഷിക്കുകയും ചെയ്യുന്ന കർഷകർക്ക്, കേരള സർക്കാർ അംഗീകരിച്ച 'കാർഷിക വികസന നയം 2013'ലെ 6.9 പോളിസി 8 ലെ നിർദ്ദേശമനുസരിച്ചുള്ള, ഇക്കോളജിക്കൽ ഇൻസന്റീവ് നൽകാനായി ഉപയോഗിക്കേണ്ടതാണ്. ഇത് വയലും തണ്ണീർത്തടങ്ങളും തുടർന്നും സംരക്ഷിക്കാനുള്ള പ്രചോദനം കർഷകർക്ക് നൽകും. ഇത് നീതിയുക്തവുമായിരിക്കും. ■


### സാമൂഹ്യ പ്രവർത്തകരുടെ ശ്രദ്ധയ്ക്ക്

പരിസ്ഥിതി-വിഭവസംരക്ഷണത്തിനും മനുഷ്യാവകാശങ്ങൾക്കും വേണ്ടി നടക്കുന്ന ജനകീയ സമരങ്ങളേയും പ്രശ്നങ്ങളേയും പരിചയപ്പെടുത്തുന്നതിനായി തുടർച്ചയായി ശ്രമിക്കുന്ന മാധ്യമമെന്നനിലയിൽ വലുതും ചെറുതുമായ എല്ലാ സമരങ്ങളുടെയും അറിയിപ്പുകൾ, നോട്ടീസുകൾ, പഠനങ്ങൾ, പത്രവാർത്തകൾ, ഫോട്ടോകൾ തുടങ്ങിയവ കേരളീയത്തിലേക്ക് അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു. പൊതുപ്രവർത്തകർക്കും പഠിതാക്കൾക്കും ഉപയോഗപ്പെടുത്താൻ കഴിയുന്ന വിധത്തിൽ രൂപകല്പന ചെയ്തിട്ടുള്ള കേരളീയം റിസോഴ്സ്സെന്ററിലേക്കും ഇത്തരം ഡോക്യുമെന്റുകൾ ആവശ്യമാണ്.

വിലാസം :

**കേരളീയം, കൊക്കാലെ, തൃശൂർ-680021**

mailkeraleeyam@gmail.com

### ഡോക്യുമെന്ററി സിനിമകൾക്ക്...

**അട്ടപ്പാടിയിലെ ആദിവാസി പ്രശ്നം:**

**റെഡ് ഡാറ്റാ ബുക്ക്**

സമയം: 75 മിനിട്ട്/ മലയാളം.

സംവിധാനം: ശ്രീമിത്ത്

**ചൈനയിലെ പരിസ്ഥിതി പ്രസ്ഥാനങ്ങളുടെ ചരിത്രം**

**വേക്കിംഗ് ദ ഗ്രീൻ ടൈഗർ**

സമയം: ഒരു മണിക്കൂർ 18 മിനിട്ട്/ ഇംഗ്ലീഷ്.

സംവിധാനം: ഗാരി മാർകേസ്

**കോപ്പികൾക്ക്:**

**കേരളീയം, കൊക്കാലെ, തൃശൂർ -680021.**

**ഫോൺ: 04872421385**